**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3771** — **02-03-2023 - ൽ മറുപടിയ്ക്ക്**

**ജി.വി.എച്ച്.എസ്.എസ്. നന്തിക്കരയിലെ ഗ്രൗണ്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി നടപ്പാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട പുതുക്കാട് മണ്ഡലത്തിലെ പറപ്പൂക്കര പഞ്ചായത്തിലെ ജി.വി.എച്ച്.എസ്.എസ്. നന്തിക്കരയിലെ ഗ്രൗണ്ട് നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ പുതുക്കാട് മണ്ഡലത്തിലെ പ്രാപ്പൂക്കര ഗ്രാമ പഞ്ചായത്തിലെ ജി.വി.എച്ച്.എസ്.എസ്. നന്ദികരയിലെ ഗ്രൗണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഗ്രൗണ്ട് നിർമ്മാണത്തിനായുള്ള എം.എൽ.എ ഫണ്ട് അനുവദിച്ചു കൊണ്ട് എം.എൽ.എയുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ ? | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ പുതുക്കാട് മണ്ഡലത്തിലെ പ്രാപ്പൂക്കര ഗ്രാമ പഞ്ചായത്തിലെ ജി.വി.എച്ച്.എസ്.എസ്. നന്ദികരയിലെ ഗ്രൗണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഗ്രൗണ്ട് നിർമ്മാണത്തിനായുള്ള എം.എൽ.എ ഫണ്ട് |

| | | | |
|---|---|---|---|
| | | | **അനുവദിച്ചു കൊണ്ട് എം.എൽ.എയുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ